(ബി) ഇതു വർദ്ധിപ്പിക്കുവാൻ കേന്ദ്രഗവൺമെൻറിനോട് ആവശ്യപ്പെടുമോ ?

സഹകരണ വകുപ്പുമന്ത്രി : (ശ്രീമതി എം. കമലം) :

(എ) എസ്. എസ്. എൽ. സി. ക്കാരായ അംഗൻവാടി വർക്കർമാർക്ക് 250 രൂപയും എസ്. എസ്. എൽ. സി. പാസ്സായിട്ടില്ലാത്ത വർക്കർമാർക്ക് 200 രൂപയും ഹെൽപ്പർമാർക്ക് 90 രൂപയും പ്രതിമാസം ഓണറേറിയം നല്കിവരുന്നു.

(ബി) കേന്ദ്രഗവൺമെൻറ് അംഗനവാടി ജീവനക്കാരുടെ ഓണറേറിയം 1-7-1986 മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്. വർദ്ധിപ്പിച്ച നിരക്കിലുള്ള ഓണറേറിയം സംസ്ഥാനത്തെ അംഗൻവാടി ജീവനക്കാർക്ക് നല്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന പണികൾ

* 27 [27] ശ്രീ. തോമസ് കല്ലംപള്ളി :
,, ടി. എസ്. ജോൺ :
,, പി. സി. ജോർജ്ജ് :
,, സി. എഫ്. തോമസ് :
,, എം. വി. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1986-87 സാമ്പത്തിക വർഷത്തിൽ പൊതുമരാമത്ത് വകുപ്പു പുതുതായി റോഡുപണികൾ ഏറ്റെടുക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിൻെറ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) കഴിഞ്ഞ സാമ്പത്തികവർഷത്തിൽ ഗതാഗതയോഗ്യമല്ലാതിരുന്ന റോഡുകളുടെ അറ്റകുറ്റപണികൾക്കുവേണ്ടി എന്തു തുക ചെലവഴിച്ചു ?

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ) :

(എ) ഉണ്ട്.

(ബി) എം. എൽ. എ. റോഡുപണികൾ ഏറ്റെടുത്തു നടത്തുന്നതിനു പുറമെ അവശ്യം വേണ്ടതായ മറ്റു പണികളും ഏറ്റെടുത്തു നടത്തേണ്ടതായിവരും.

(സി) 52.72 കോടി രൂപ.

സഹകരണ സ്ഥാപനങ്ങളിൽ തെരഞ്ഞെടുപ്പ്

* 28 [28] ശ്രീമതി പി. ദേവൂട്ടി :
ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് :
,, കോടിയേരി ബാലകൃഷ്ണൻ :
,, വർക്കല രാധാകൃഷ്ണൻ :
,, കെ. പി. അരവിന്ദാക്ഷൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

ഭരണ സമിതികളില്ലാത്ത സഹകരണ സ്ഥാപനങ്ങളിൽ തെരഞ്ഞെടുപ്പുകൾ നടത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

സഹകരണ വകുപ്പു മന്ത്രി : (ശ്രീമതി. എം. കമലം) :

ഭരണ സമിതികളില്ലാത്ത സഹകരണ സ്ഥാപനങ്ങളിൽ കഴിയുന്നത്ര വേഗത്തിൽ തെരഞ്ഞെടുപ്പുകൾ നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

സ്ലൂയിസ് വാൽവുകളും പി. വി. സി. പൈപ്പുകളും വാങ്ങിയതു സംബന്ധിച്ച ക്രമക്കേടുകൾ

* 29 [29]. ശ്രീ. എം. ജിനദേവൻ :
,, കെ. മൂസക്കുട്ടി :
,, ടി. കെ. അബ്ദു :
,, വി. ജെ. തങ്കപ്പൻ :
,, ഒ. ഭരതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലസേചന വകുപ്പിൽ സ്ലൂയിസ് വാൽവുകളും പി. വി. സി. പൈപ്പുകളും വാങ്ങിയ വകയിൽ വൻതോതിൽ അഴിമതി നടന്നതായി അറിയുന്നതു ശരിയാണോ ;

(ബി) ഇത് സംബന്ധിച്ച് ഓഡിറ്റർ ജനറലിന്റെ (C & AG) റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള ക്രമക്കേടുകളെക്കുറിച്ച് ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്തു നടപടി ;

(ഡി) ഇല്ലെങ്കിൽ എന്ത് നടപടി ;

നിയമവും ജലസേചനവും വകുപ്പുമന്ത്രി : (ശ്രീ. കെ. എം. മാണി)

(എ), (ബി). സ്ലൂയിസ് വാൽവുകൾ വാങ്ങിയതിൽ അഴിമതി നടന്നിട്ടുണ്ടോ എന്നു വസ്തുനിഷ്ഠമായി മനസ്സിലാക്കുന്നതിനും ഉണ്ടെങ്കിൽ ആവശ്യമായ മേൽ നടപടികൾ ബന്ധപ്പെട്ടവർക്കെതിരെ കൈക്കൊള്ളുന്നതിനും വേണ്ടി പ്രിവൻഷൻ ഓഫ് കറപ്ഷൻ ആക്ടിലെ 5(1)(ഡി) വകുപ്പുപ്രകാരവും ഇൻഡ്യൻ ശിക്ഷാനിയമത്തിലെ 120(ബി) വകുപ്പു പ്രകാരവും ക്രൈം നമ്പർ 5/85 എന്ന കേസ് തിരുവനന്തപുരത്തുള്ള ഹെഡ് ക്വാർട്ടേഴ്സ് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തു അന്വേഷണം നടന്നുവരികയാണ്.

പ്രസ്തുത ക്രൈം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത് താഴെ പറയുന്ന 13 പേർക്ക് എതിരെയാണ്.

(1) ശ്രീ. എസ്. കൃഷ്ണ അയ്യർ മുൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ
(2) ശ്രീ. എ. അഹമ്മദ് കൽനാട് മുൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ (റിട്ട.)
(3) ശ്രീ. വി. കെ. സുശീലൻ മുൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ (റിട്ട.)
(4) ശ്രീ. പി. വി. കൃഷ്ണൻ ,,
(5) ശ്രീ. ജോർജ് തോമസ് ,,

LIBRARY ARCHIVES Kerala Legislative Assembly